പതിനാലാം കേരള നിയമസഭ
ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 689 | 13-01-2021-ൽ മറുപടിക്ക്

## ഉത്തരവാദിത്ത ടൂറിസത്തിലൂടെ ഗ്രാമീണവികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ എ. എൻ. ഷംസീർ<br>ശ്രീ .സി .കെ . ശശീന്ദ്രൻ<br>ശ്രീ. കെ. ജെ. മാക്സി<br>ശ്രീ. വി.ജോയി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസത്തിന്റെ ഗുണഫലങ്ങൾ പ്രാദേശിക സമൂഹത്തിന് ലഭ്യമാക്കുന്നതിനും ഉത്തരവാദിത്ത ടൂറിസത്തിലൂടെ ഗ്രാമീണവികസനം സാധ്യമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | ജനസമൂഹത്തെ ടൂറിസം രംഗവുമായി ബന്ധിപ്പിച്ച് അധിക വരുമാനം ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുകയും മിഷന്റെ വിവിധ പദ്ധതികളിലൂടെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുകയും ചെയ്തു. പ്രാദേശിക ജന സമൂഹത്തിനു പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം വ്യവസായവുമായി ബന്ധിപ്പിക്കാവുന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുന്നതിനു പരിശീലനങ്ങൾ നൽകുകയും പരിശീലനം ലഭിച്ചവരെ ടൂറിസം വ്യവസായവുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധിപ്പിക്കാവുന്ന ചെറുകിട സംരംഭകർ, പാരമ്പര്യ തൊഴിലാളികൾ സേവന ദാതാക്കൾ എന്നിവരെയെല്ലാം കണ്ടെത്തി യൂണിറ്റ് ആയി രൂപീകരിച്ച്, യൂണിറ്റുകളെ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ രജിസ്റ്റർ ചെയ്യുകയും, ഓൺലൈനായും ഓഫ് ലൈനായും യൂണിറ്റുകളെ ടൂറിസം ഇൻഡസ്ട്രിയുമായി ബന്ധിപ്പിക്കുകയും വരുമാനം ലഭ്യമാകുകയും ചെയ്യുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പെപ്പർ, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്നിങ്ങനെയുള്ള |

| | | | |
|---|---|---|---|
| | | | പദ്ധതികളിലൂടെ പ്രാദേശിക ജനസമൂഹത്തിന്റെ സഹകരണത്തോടെ പുതിയ ടൂറിസം കേന്ദ്രങ്ങൾ ഉയർത്തിക്കൊണ്ടു വരികയും ചെയ്യുന്നു. |
| (ബി) | നാടിന്റെ പരിസ്ഥിതിയെയും സംസ്കാരത്തെയും പൈതൃകത്തെയും സംരക്ഷിച്ചുകൊണ്ട് ടൂറിസം വഴി തദ്ദേശീയർക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുവാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; | (ബി) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ എല്ലാം തന്നെ സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം എന്നീ മൂന്ന് ഉത്തരവാദിത്തങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. നിലവിലെ സാമൂഹിക സാംസ്കാരിക മൂല്യങ്ങളെയും പൈതൃകത്തെയും സംരക്ഷിച്ചുകൊണ്ടും ടൂറിസം വഴി നമ്മുടെ കല, സംസ്കാരം എന്നിവയെല്ലാം വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുകയും ചെയ്യുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജുകൾ, ഉത്സവ കാല ടൂറിസം പാക്കേജുകൾ എന്നിങ്ങനെ വിവിധ എക്സ്പീരിയൻസ് ടൂർ പാക്കേജുകൾ നടത്തുന്നു. പ്രാദേശിക കലാകാരൻമാരെയും കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നവരെയും കണ്ടെത്തി യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ഓൺലൈൻ ആയും ഓഫ് ലൈൻ ആയും ടൂറിസം രംഗവുമായി ബന്ധിപ്പിക്കുന്നു. അതിനായി ഓൺലൈൻ പ്ലാറ്റ്ഫോം ഉത്തരവാദിത്ത ടൂറിസം മിഷൻ വികസിപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിനായി കാർബൺ ബഹിർഗമന വിമുക്തമായ ടൂർ പാക്കേജുകൾ നടത്തി വരുന്നു. അതോടൊപ്പം തന്നെ അക്കോമഡേഷൻ യൂണിറ്റുകളിൽ മരങ്ങൾ വച്ച് പിടിപ്പിക്കുക വഴി കാർബൺ ബഹിർഗമനത്തെ സന്തുലിതമാക്കുന്നതിന് പ്രചോദനം നൽകി വരുന്നു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ വഴി മാലിന്യ സംസ്കരണ യൂണിറ്റുകൾ രൂപീകരിക്കുകയും ടൂറിസം വ്യവസായവുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | തദ്ദേശീയരായ ജനങ്ങൾക്ക് എടുത്തുപറയത്തക്ക ഒരു പങ്കും ഇല്ലാതിരുന്ന ടൂറിസം വികസനപ്രക്രിയയിൽ പ്രദേശിക പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ആവിഷ്കരിച്ച 'പെപ്പർ' (പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആൻഡ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം) പദ്ധതിയുടെ വിശദാംശം നൽകുമോ? | (സി) | പ്രാദേശിക ജനസമൂഹത്തിന്റെ സഹകരണത്തോടെ ഘട്ടം ഘട്ടമായി ഒരു പ്രദേശത്തെ ടൂറിസം കേന്ദ്രമാക്കി ഉയർത്തിക്കൊണ്ടു വരുന്ന പദ്ധതിയാണ് 'പെപ്പർ'. 'പെപ്പർ' പദ്ധതി പ്രാഥമികമായി നടപ്പിലാക്കിയ വൈക്കം, തുടർന്നു വന്ന പൊന്നാനി എന്നീ പ്രദേശങ്ങൾ പദ്ധതി പ്രവർത്തനങ്ങളുടെ ഫലമായി ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റ് 17 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 'പെപ്പർ' പദ്ധതി നടപ്പിലാക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**